"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കണ്ണാടി എ.ബി.യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡൻ്റ് ആയ ശ്രീ.അരുൺ എസ്. ഫയൽ ചെയ്ത റിട്ട് ഹർജി നം.44399/2025-ൽ 27.11.2025 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3101/2026/GEDN തീയതി,തിരുവനന്തപുരം, 07-05-2026

---

പരാമർശം:-

1. റിട്ട് ഹർജി നം. 44399/2025-ൽ 27.11.2025 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം.
2. കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24.01.2026ലെ എഇഒസിവൈഎൽ/842/2025-ഡി നമ്പർ റിപ്പോർട്ട്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02.02.2026 തീയതിയിലെ DGE/811/2026-G1 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

കണ്ണാടി എ.ബി.യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡൻ്റ് ആയ ശ്രീ.അരുൺ എസ്. ഫയൽ ചെയ്ത റിട്ട് ഹർജി നം.44399/2025-ൽ 27.11.2025 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം, ഹർജിക്കാരൻ്റെ എക്സിബിറ്റ് പി8 റിവിഷൻ പെറ്റീഷൻ ഹർജിക്കാരനെ നേരിൽ കേട്ട് 3 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ 03.02.2026 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. 02-05-2025 മുതൽ സ്ഥിരം നിയമനത്തിന് ഭിന്നശേഷി ഉദ്യോഗാർത്ഥികളിൽ നിന്നും കൂടിക്കാഴ്ച നടത്തി തെരഞ്ഞെടുത്ത് നിയമനം നൽകിയ ശ്രീ. അരുൺ എസ് ൻ്റെ നിയമനം സ്ഥിരപ്പെടുത്തി തുടരുന്നതിനാവശ്യമായ ഉത്തരവുണ്ടാകണമെന്നാണ് ഹർജിക്കാരൻ അപേക്ഷിച്ചിരിക്കുന്നത്.

4. മാനേജരുടെ വാദങ്ങൾ ഇപ്രകാരമാണ്.

കണ്ണാടി എ ബി യു പി സ്കൂൾ പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ "KANNADI EDUCATIONAL AND CHARITABLE TRUST" ഏറ്റെടുത്ത് നടത്തിവരുന്നു. ട്രസ്റ്റിൻ്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം ഭിന്നശേഷി ഉദ്യോഗാർത്ഥികളിൽ നിന്നും കൂടിക്കാഴ്ച നടത്തിയ ശേഷമാണ് ശ്രീ. അരുൺ എസ് നെ ഓഫീസ് അറ്റൻഡൻ്റ് ആയി നിയമിക്കാൻ തീരുമാനിച്ചത്. കണ്ണാടി എ.ബി.യു.പി.

സ്കൂളിൽ നിന്നും 30-04-2025 ന് ശ്രീ.രാധാകൃഷ്ണൻ കെ.(ഓഫീസ് അറ്റൻഡന്റ്) വിരമിച്ച തസ്തികയാണ്, സ്ഥിരം ഒഴിവ് വന്നത്. 2024-25 അധ്യായന വർഷത്തിൽ 01-08-2024 മുതൽ 29-10-2024 വരെയുള്ള 90 ദിവസത്തെ പരിവർത്തിതാവധി കാലയളവിലേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ ട്രസ്റ്റിന്റെ കമ്മിറ്റി തീരുമാനപ്രകാരം ഭിന്നശേഷി ഉദ്യോഗാർത്ഥികളിൽ നിന്നും കൂടിക്കാഴ്ച നടത്തി അനുയോജ്യരായ ആളെ കണ്ടെത്തി നിയമിക്കുവാനും. 02-05-2025-ൽ ഉണ്ടാവുന്ന സ്ഥിരം ഒഴിവിലേക്ക് ടിയാനെ പരിഗണിക്കുവാനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ KER CHAPTER XIV A റൂൾ 7 പ്രകാരം മാനേജറിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ശ്രീ.അരുൺ എസ്.നെ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥിരം തസ്തികയിൽ നിയമനം നൽകി. ശ്രീ.അരുൺ എസ്.ന് 60 ശതമാനം ഭിന്നശേഷി രേഖാപരമായി ഉണ്ടായിരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. തൊഴിൽരഹിതനും, 60% ൽ അധികം ഭിന്നശേഷിക്കാരനുമായ ശ്രീ.അരുൺ സ്കൂളിൽ നിന്നും 400 മീറ്റർ അടുത്താണ് താമസിക്കുന്നത്, സ്കൂൾ കാര്യങ്ങൾ കൃത്യമായി നോക്കി നടത്താൻ സൗകര്യമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബമാണ് ശ്രീ അരുണിന്റേത്. സ്ഥിരം നിയമനത്തിനുമുമ്പ് ശ്രീ അരുണിനെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ച കാലയളവ് കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് തന്നിട്ടുണ്ട് . ശ്രീ അരുണിന്റെ 02-05-2025 മുതലുള്ള സ്ഥിരം തസ്തികയിലേക്കുള്ള നിയമനം, ഭിന്നശേഷിക്കാരനും, താൽക്കാലിക ഒഴിവിൽ ജോലി നോക്കിയ ഉദ്യോഗാർത്ഥി ആയിട്ടു പോലും ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ സ്ഥിര നിയമനം, താൽക്കാലികമായിട്ടാണ് അംഗീകരിച്ച് ഉത്തരവായിട്ടുള്ളത്. ഇതിനെതിരെയാണ് ഹർജി സമർപ്പിച്ചിട്ടുള്ളത്.

5. വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

കണ്ണാടി എ.ബി.യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.രാധാകൃഷ്ണൻ എം. വിരമിച്ചതിനെ തുടർന്നാണ് മാനേജർ ശ്രീ.അരുൺ എസ്.നെ 02.05.2025 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി നിയമിച്ചത്. ആയത് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ദിവസവേതനത്തിൽ അംഗീകരിച്ചു നൽകി ഹർജിക്കാരനായ ശ്രീ.അരുൺ എസ്. തന്റെ നിയമനം ഭിന്നശേഷി സംവരണ നിയമനമായി പരിഗണിച്ച് ശമ്പള സ്കെയിലിൽ അംഗീകരിക്കണം എന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ശ്രീ.അരുൺ എസ്.നെ നിയമിക്കുന്ന സമയത്ത് വിദ്യാലയത്തിലെ മാനേജർ നിയമന ഉത്തരവിലോ (Form 27 )ചേഞ്ച് ഓഫ് സ്റ്റാഫ് സ്റ്റേറ്റ്മെന്റ് ലോ ഈ നിയമനം RPwD അടിസ്ഥാനത്തിലാണെന്ന് സൂചിപ്പിച്ചിട്ടില്ല. ഈ തസ്തികയിൽ റോസ്റ്റർ ഡാറ്റയുമായി ബന്ധപ്പെട്ട യാതൊന്നും മാനേജർ സമന്വയയിൽ ചേർക്കുകയോ ഏതെങ്കിലും രേഖകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയുടെയും ആയതിന്റെ അടിസ്ഥാനത്തിലുള്ള ബഹു.ഹൈക്കോടതിയുടെയും വിധികളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ സർക്കാർ ഉത്തരവുകൾ പ്രകാരം ഭിന്നശേഷി സംവരണ നിയമനത്തിന് ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് വിദ്യാലയത്തിലെ 07.02.1996 മുതൽ 18.04.2017 വരെയുള്ള നിയമനങ്ങളിലെ 3 ശതമാനവും ശേഷം ഇന്നുവരെയുള്ള നിയമനങ്ങളിൽ 4 ശതമാനവും കണക്കാക്കി വകുപ്പിന് സമന്വയ വഴി സംവരണ തസ്തികകളുടെ എണ്ണം മാനേജർ റിപ്പോർട്ട് ചെയ്യേണമായിരുന്നു. ഈ റോസ്റ്റർ ഡാറ്റ മാനേജർ സമർപ്പിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ മാനേജർ പൂർത്തീകരിച്ചിട്ടില്ല.സാമൂഹ്യ ക്ഷേമ വകുപ്പിന്റെ GO(P) 05/2019 Dt. 07.05.2019 ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ സംവരണ തസ്തികകൾ എപ്രകാരമാണ് സംവരണ തത്വം പാലിച്ചുകൊണ്ട് നികത്തേണ്ടതെന്ന് വ്യക്തമാക്കുന്നുണ്ട് . അതായത് ആദ്യ

സംവരണം (പരിഗണന ) കാഴ്ച പരിമിതികളുള്ളവർക്കും ശേഷം കേൾവിക്കുറവുള്ളവർക്കും പിന്നീട് ശാരീരിക വൈകല്യമുള്ളവർക്കും അവസാനം Locomotive / Cerebral Palsy മൂലം ബുദ്ധിമുട്ടുള്ളവർക്കുമായാണ് റൊട്ടേഷൻ അടിസ്ഥാനത്തിൽ സംവരണം കണക്കാക്കുന്നത്. ഈ റൊട്ടേഷൻ അടിസ്ഥാനം മാനേജർ പാലിച്ചിട്ടില്ല. റൊട്ടേഷനിൽ അവസാന വിഭാഗത്തിലാണ് ഹർജിക്കാരനായ ശ്രീ.അരുൺ എസ്. ഉൾപ്പെടുന്നത്. മാത്രവുമല്ല ഇത്തരത്തിൽ കണക്കാക്കിയിട്ടുള്ള റിസർവേഷൻ റീജിയണൽ എമ്പ്ലോയ്മെന്റ് ഡയറക്ടറേറ്റ് ലേക്ക് റിപ്പോർട്ട് ചെയ്യുകയും റിക്വിസിഷൻ സമർപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. എമ്പ്ലോയ്മെന്റ് ഡയറക്ടർ ഇതിനായി റീജിയണൽ ഓഫീസർമാരെയും അവരുടെ അധികാരപരിധികളും നിശ്ചയിച്ചിട്ടുണ്ടായിരുന്നു. (2025 വർഷം മുതൽ ഇതിനായി ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സമിതികൾ രൂപീകരിച്ചിട്ടുണ്ട് മാനേജർമാർ ഇപ്പോൾ ഈ സമിതിയിലേക്കാണ് റിക്വിസിഷൻ സമർപ്പിക്കേണ്ടത് ) റീജിയണൽ എമ്പ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്ന റിക്വിസിഷൻ ഫോം മാനേജർമാർ സമന്വയ നിയമന പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതുണ്ട്. റീജിയണൽ എമ്പ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിന്നും ഭിന്നശേഷി ഉദ്യോഗാർഥി ലഭിക്കാതെ വന്നാൽ പത്രപരസ്യം നൽകി ഭിന്നശേഷി ഉദ്യോഗാർഥികളെ കണ്ടെത്തേണ്ടതുണ്ടായിരുന്നു. നിലവിൽ സർക്കാർ തലത്തിൽ നിശ്ചയിക്കപ്പെട്ട ഈ നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് മാനേജർ പരാതിക്കരനായ ശ്രീ. അരുൺ എസ് നെ നേരിൽ നിയമിക്കുന്നത്. ഇത് ചട്ട ലംഘനമാണ്. ശ്രീ അരുൺ എസ് നെ നിയമിക്കുന്ന സമയത്ത് വിദ്യാലയത്തിലെ മാനേജർ നിയമന ഉത്തരവിലോ (Form 27 ) ചേഞ്ച് ഓഫ് സ്റ്റാഫ് സ്റ്റേറ്റ്മെന്റ് ലോ ഈ നിയമനം RPWD അടിസ്ഥാനത്തിലാണെന്ന് സൂചിപ്പിച്ചിട്ടില്ല .

RPWD ആക്ട് അടിസ്ഥാനത്തിലുള്ള നിയമനം താഴെ പറയും ക്രമത്തിലാണ് പരിഗണിക്കേണ്ടത്.

i. ആദ്യമായി മാനേജർ വിദ്യാലയത്തിൽ നടത്തിയ നിയമനങ്ങൾ കണക്കാക്കി ഭിന്നശേഷി വിഭാഗത്തിനായി മാറ്റി വെക്കേണ്ട തസ്തികകളുടെ എണ്ണം കണക്കാക്കി വകുപ്പിന്റെ സമന്വയ പോർട്ടലിൽ അപ്ലോഡ് ചെയ്യണം. ഇങ്ങിനെ കണക്കാക്കിയ ബാക്ക് ലോഗ് ഒഴിവുകൾ റീജിയണൽ എമ്പ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിശ്ചിത റിക്വിസിഷൻ ഫോമിൽ റിപ്പോർട്ട് ചെയ്യണം. ഈ റിക്വിസിഷൻ ഫോം സമന്വയ പോർട്ടലിൽ അപ്ലോഡ് ചെയ്യണം.

ii. സമർപ്പിച്ച റിക്വിസിഷൻ ഫോമിന്റെ അടിസ്ഥാനത്തിൽ റീജിയണൽ എമ്പ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്ന ഭിന്നശേഷി ഉദ്യോഗാർഥികളുടെ ലിസ്റ്റ് സഹിതം മാനേജർ നിയമനാംഗീകാര അപേക്ഷ സമർപ്പിക്കണം

iii. എച്ച് 2/295299/2021 DGE തീയതി 17.06.2023 സർക്കുലർ പ്രകാരം ഭിന്നശേഷി ഉദ്യോഗാർഥികൾ സാമൂഹ്യ നീതി വകുപ്പ് നിർദേശിക്കുന്ന മെഡിക്കൽ അതോറിറ്റിയിൽ നിന്നും Job Oriented Physical and Functionality Certificate വാങ്ങി ഇന്റർവ്യൂ സമയത്ത് സമർപ്പിക്കേണ്ടതാണ്.

iv. ഇനി ഭിന്നശേഷി ഉദ്യോഗാർഥികളെ ലഭ്യമല്ലെന്ന് റീജിയണൽ എമ്പ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന പക്ഷം മാനേജർ പ്രമുഖ പത്രങ്ങളിൽ ഒഴിവു റിപ്പോർട്ട് പരസ്യം ചെയ്യുകയും ചെയ്യണമെന്നും വ്യക്തമാക്കുന്നുണ്ട്.

v. മുകളിൽ പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനു ശേഷം മാത്രമേ മാനേജർക്ക് RPWD Act of 2016 Section 34(2) അടിസ്ഥാനത്തിൽ ഭിന്നശേഷി നിയമനം നടത്താൻ കഴിയൂ. ഇവിടെ മാനേജർ ഇതുപ്രകാരമുള്ള ഒരു നടപടിക്രമങ്ങളും ചെയ്തു കാണുന്നില്ല. ആദ്യപടിയായി ഈ തസ്തികക്കുള്ള റോസ്റ്റർ ഡാറ്റ പോലും മാനേജർ പൂർത്തിയാക്കിയിട്ടില്ല.

ഭിന്നശേഷി നിയമന നടപടികൾക്കായി സംസ്ഥാന, ജില്ലാ തല സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ രൂപീകരിച്ച സ്പെഷ്യൽ എമ്പ്ലോയ്മെന്റ് ഓഫീസ് ഇപ്പോൾ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ ജില്ലാ തലത്തിൽ ഭിന്നശേഷി ഉദ്യോഗാർഥികളുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട് .

പരാതിക്കാരനായ ശ്രീ. അരുൺ എസ് ന്റെ 2017 ൽ അനുവദിച്ച് നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റ് ൽ Mild mental retarded with speech defect എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള രോഗികൾ രണ്ടോ മൂന്നോ വർഷങ്ങളിൽ ചെക്ക് അപ്പ് നടത്താറുണ്ട്.

ബഹു. സുപ്രീം കോടതിയുടെയും ബഹു. ഹൈക്കോടതിയുടെയും വിധികളുടെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ ഹർജിക്കാരനായ ശ്രീ അരുൺ എസ് ന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം RPwD അടിസ്ഥാനത്തിൽ സ്ഥിര നിയമനമായി ശമ്പള സ്കെയിലിൽ അംഗീകരിച്ച നൽകുവാൻ കഴിയുന്നതല്ല, ആയതിനാലാണ് ശ്രീ അരുൺ എസ് മുതലുള്ള നിയമനം ദിവസ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ വേതനാടിസ്ഥാനത്തിൽ അംഗീകരിച്ച നൽകിയിട്ടുള്ളത് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ബഹു. സുപ്രീം കോടതിയുടെയും ബഹു. ഹൈകോടതിയുടെയും വിധികളുടെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ ഹർജിക്കാരനായ ശ്രീ.അരുൺ എസ്.ന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം RPwD Act അടിസ്ഥാനത്തിൽ സ്ഥിര നിയമനമായി ശമ്പള സ്കെയിലിൽ അംഗീകരിച്ച നൽകുവാൻ കഴിയുന്നതല്ല. അപ്രകാരം ശ്രീ. അരുൺ എസ്.ന്റെ നിയമനം സ്ഥിരപ്പെടുത്തണമെന്ന കണ്ണാടി എ.ബി.യു.പി. സ്കൂൾ ഹർജിക്കാരന്റെ ആവശ്യം നിരസിച്ച്, അപ്രകാരം ശ്രീ.അരുൺ എസ്. ഫയൽ ചെയ്ത റിട്ട് ഹർജി നം.44399/2025-ൽ 27.11.2025 തീയതിയിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (അറിവിലേക്കായി)
ശ്രീ അരുൺ എസ്., ഓഫീസ് അറ്റൻഡന്റ്, എ.ബി.യു.പി. സ്കൂൾ, കണ്ണാടി, പാലക്കാട് - 678 701
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുഴൽമന്നം, പാലക്കാട്
മാനേജർ, എ.ബി.യു.പി. സ്കൂൾ, കണ്ണാടി, പാലക്കാട് - 678 701
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 07-05-2026 15:07:50

സെക്ഷൻ ഓഫീസർ

പകർപ്പ്:

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.